**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 758** **14-01-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് പ്രതിരോധവും പോഷകാഹാര കിറ്റ് വിതരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ കോവിഡ് രോഗബാധ പ്രതിരോധിക്കുന്നതിനും അതിന്റെ വ്യാപനം തടയുന്നതിനും വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; വിശദാംശം നൽകുമോ; | (എ) | പട്ടികജാതി വിഭാഗക്കാർക്കിടയിൽ കോവിഡ്-19 രോഗ ബാധ പ്രതിരോധിക്കുന്നതിനും അതിന്റെ വ്യാപനം തടയുന്നതിനുമായി തദ്ദേശ സ്വയം ഭരണ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട് ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ആരോഗ്യ വകുപ്പുമായി ചേർന്ന് സംസ്ഥാനത്തെ പട്ടികവർഗ കോളനികളിൽ കോവിഡ്-19 രോഗപ്രതിരോധ ബോധവത്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിവരുന്നു. ഇതിന്റെ ഭാഗമായി ഹാൻഡ് വാഷ്, വ്യക്തി ശുചിത്വം, മാസ്കിന്റെ ഉപയോഗം, പൊതുഇടങ്ങളിൽ ശാരീരിക അകലം പാലിക്കേണ്ടതിന്റെ ആവശ്യകത എന്നിവയെപ്പറ്റി വിപുലമായ രീതിയിൽ ബോധവത്കരണം നൽകുന്നു. പട്ടികവർഗ വിഭാഗങ്ങളുടെ തനതു ഭാഷയിൽ കോവിഡ്-19 പ്രതിരോധ ബോധവത്കരണ വീഡിയോ കൾ തയ്യാറാക്കി പട്ടികവർഗ പ്രൊമോട്ടർമാർ മുഖേന വ്യാപകമായി പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ പട്ടികവർഗക്കാർക്കും പുനരുപയോ ഗിക്കാവുന്ന മാസ്കുകൾ വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പട്ടികവർഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന 16 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ വഴിയും രോഗപ്രതിരോധ ബോധവത്കര ണവും പതിവ് ആരോഗ്യ പരിശോധനയും മരുന്ന് വിതരണവും നടത്തിവരുന്നു. രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വകുപ്പിന്റെ ഭക്ഷ്യ സഹായ പദ്ധതി പ്രകാരമുള്ള ഭക്ഷ്യ ധാന്യ കിറ്റുകളുടെ വിതരണവും നടത്തിവരുന്നു. |
| (ബി) | പട്ടികജാതി സങ്കേതങ്ങളിലും പട്ടികവർഗ്ഗ | (ബി) | സൗജന്യ റേഷൻ, ഭക്ഷ്യകിറ്റ് എന്നിവ എല്ലാ |

| | | | |
|---|---|---|---|
| | ഊരുകളിലും ഉള്ളവർക്ക് ലോക്ഡൗൺമൂലം തൊഴിൽ നഷ്ടമായ സാഹചര്യത്തിൽ അവർക്ക് അതിജീവനത്തിന് എന്തൊക്കെ സഹായങ്ങളാണ് നൽകിയതെന്ന് വ്യക്തമാക്കുമോ; | | പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലോക്ഡൗൺ മൂലം തൊഴിൽ നഷ്ടമായ പട്ടിക വർഗ്ഗക്കാരുടെ അതിജീവനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മറ്റ് വകുപ്പുകളുടെ സഹകരണത്തോടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. ഗാർഹികാധിഷ്ഠിത കൃഷി, സംഘ കൃഷി, സഹകരണ ഫാമുകൾ മുഖേനയുള്ള കാർഷിക പ്രവർത്തനങ്ങൾ ക്ഷീര വികസന പദ്ധതികൾ കരകൗശല വസ്തു നിർമ്മാണം തുടങ്ങിയ പരമ്പരാഗത തൊഴിലുകൾ പ്രോത്സാഹിപ്പിക്കു ന്നതിനുള്ള പദ്ധതികളും വനവിഭവ ശേഖര ണവും അവയുടെ മൂല്യവർദ്ധിത ഉൽപന്ന ങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും. തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്തലും ട്രൈബൽ പ്ലസ് പദ്ധതി യിലൂടെ 100 ദിവസത്തെ അധിക തൊഴിൽ ദിനങ്ങൾ ലഭ്യമാക്കലും. വംശീയ ഭക്ഷണ ശാലകൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകൽ. |
| (സി) | പട്ടികവർഗ്ഗ ഊരുകളിൽ 60 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് പ്രത്യേക പോഷകാഹാര കിറ്റ് വിതരണം ചെയ്തിരുന്നോ; വിശദാംശം നൽകുമോ? | (സി) | മൺസൂൺ കാലത്ത് പട്ടികവർഗ കുടുംബങ്ങളിൽ പട്ടിണി ഉണ്ടാകാതിരിക്കുന്നതിനും, കോവിഡ്-19 പ്രതിരോധവുമായി ബന്ധപ്പെട്ട 60 വയസ്സിനു മുകളിൽ പ്രായമുള്ള പട്ടികവർഗക്കാർക്ക് പോഷകാഹാരം വിതരണം നടത്തുന്നതിനും, കാലവർഷക്കെടുതി മൂലവും, കോവിഡ് ബാധ മൂലവും ബുദ്ധിമുട്ട് അനുഭവിക്കുന്ന അർഹരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭക്ഷ്യ സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി 24,87,91,653/- രൂപ ചെലവഴിച്ചിട്ടുണ്ട്. ശുദ്ധജല ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ഗ്രാമ പഞ്ചായത്തുകൾ, കേരള വാട്ടർ അതോറിറ്റി, കേരള ഫയർ & റെസ്ക്യൂ സർവ്വീസ് എന്നീ വകുപ്പുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ